**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 318** **01-02-2023 - ൽ മറുപടിയ്ക്ക്**

**നെല്ലുസംഭരണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. അനൂപ് ജേക്കബ് | | ശ്രീ ജി ആർ അനിൽ<br>(ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് നെല്ലുസംഭരണം കാര്യക്ഷമമായി നടക്കുന്നുണ്ടോ; വിശദമാക്കാമോ; | (എ) | സംസ്ഥാനത്ത് നെല്ല് സംഭരണം കാര്യക്ഷമമായി നടക്കുന്നുണ്ട്. 2022-23 സീസണിൽ 61 മില്ലുകൾ സപ്ലൈകോയുമായി കരാറിൽ ഏർപ്പെട്ടുകയും നാളിതുവരെയായി 74544 കർഷകരിൽ നിന്നായി 1.98 ലക്ഷം മെട്രിക് ടൺ നെല്ല് സംഭരിക്കുകയും ചെയ്തിട്ടുണ്ട്. |
| (ബി) | നെല്ലുസംഭരണത്തിലെ അപാകതകൾ സംബന്ധിച്ച് പരാതികൾ ലഭിച്ചിട്ടുണ്ടോ; എങ്കിൽ പരാതികളിന്മേൽ സ്വീകരിച്ച നടപടി അറിയിക്കുമോ; | (ബി) | പരാതികൾ ലഭിക്കാറുണ്ട്. ഇത്തരം പരാതികളിന്മേൽ സത്വര ഇടപെടൽ നടത്തുകയും സമയബന്ധിതമായി അവയിൽ പരിഹാരം കാണാറുമുണ്ട്. ഫീൽഡ്തലത്തിൽ ഉണ്ടാകുന്ന പ്രശ്നങ്ങൾക്ക് ഫീൽഡ്തല ഉദ്യോഗസ്ഥർ അപ്പപ്പോൾ പരിഹാരം കാണാറുണ്ട്. |
| (സി) | തദ്ദേശീയമായി നെല്ല് ശേഖരിക്കുന്നതിനുപകരം ഇതരസംസ്ഥാനത്ത് നിന്നും നെല്ല് ശേഖരിക്കാൻ മില്ലുകൾക്ക് അനുമതി നൽകിയിട്ടുണ്ടോ; എങ്കിൽ എന്തടിസ്ഥാനത്തിലാണ് അനുമതി നൽകിയതെന്ന് വിശദമാക്കാമോ; | (സി) | ഇതരസംസ്ഥാനത്ത് നിന്നും നെല്ല് ശേഖരിക്കാൻ മില്ലുകൾക്ക് അനുമതി നൽകിയിട്ടില്ല. കേരളത്തിൽ ഉൽപ്പാദിപ്പിക്കുന്ന നെല്ല് വികേന്ദ്രീകൃത നെല്ല് സംഭരണ പദ്ധതി പ്രകാരം സംഭരിക്കുന്നതിന് മാത്രമാണ് കരാറിൽ ഏർപ്പെട്ടിരിക്കുന്ന മില്ലുകൾക്ക് സപ്ലൈകോ അനുമതി നൽകിയിരിക്കുന്നത്. |
| (ഡി) | നെല്ല് ശേഖരണവുമായി ബന്ധപ്പെട്ട് മില്ലുടമകൾക്കെതിരെയോ ഉദ്യോഗസ്ഥർക്കെതിരെയോ നിലവിൽ അന്വേഷണം ആരംഭിച്ചിട്ടുണ്ടോ; വിശദമാക്കാമോ; | (ഡി) | 2022-23 സീസണിലെ നെല്ല് സംഭരണവുമായി ബന്ധപ്പെട്ട് പരാതി ലഭിച്ചതിന്റെ അടിസ്ഥാനത്തിൽ പാലക്കാട് ജില്ലയിലെ Paddy Procurement Assistant ആയ ശ്രീ.ഷൈജു.കെ.ക്കെതിരെ രേഖകളിൽ കൃത്രിമം കാണിച്ചതിന് FIR No.0628/2022 നം. പ്രകാരം മങ്കര പോലീസ് സ്റ്റേഷനിൽ കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടന്നു വരുന്നു. മറ്റൊരു പരാതിയുമായി ബന്ധപ്പെട്ട് പാലക്കാട് പാഡി മാർക്കറ്റിംഗ് ഓഫീസറെ കോട്ടയം ജില്ലയിലേക്ക് സ്ഥലം മാറ്റിയിട്ടുണ്ട്. ഒരു പാഡി മാർക്കറ്റിംഗ് ഓഫീസറെ പരാതിയുടെ അടിസ്ഥാനത്തിൽ മാതൃവകുപ്പിലേക്ക് തിരിച്ചയച്ചിട്ടുണ്ട്. |

| | | | |
|---|---|---|---|
| (ഇ) | നെല്ലുസംഭരണത്തിൽ കാലതാമസം നേരിടുന്നതിന്റെ കാരണങ്ങൾ വിശദമാക്കാമോ; ആയത് പരിഹരിക്കുന്നതിന് നാളിതുവരെയും നടപടി സ്വീകരിക്കാത്തതിന്റെ കാരണങ്ങൾ വിശദമാക്കാമോ? | (ഇ) | ശക്തവും നീണ്ടു നിൽക്കുന്നതുമായ മഴ ഉണ്ടാകുന്ന അവസരങ്ങളിൽ നെല്ല് വൃത്തിയാക്കുന്നതിനും ഉണക്കുന്നതിനും കഴിയാത്ത സാഹചര്യത്തിൽ നെല്ല് സംഭരണത്തിൽ കാലതാമസം നേരിടാറുണ്ട്. എന്നാൽ ഇത്തരം അവസരങ്ങളിൽ സർക്കാരിന്റെയും സപ്ലൈകോയുടെയും ഭാഗത്തുനിന്നും സത്വര ഇടപെടൽ നടത്തി തടസ്സങ്ങൾ നീക്കി സംഭരണം സുഗമമാക്കാറുണ്ട്. ആയതിനാൽ കാലതാമസം കൂടാതെ നെല്ല് സംഭരിക്കാൻ നിലവിൽ കഴിയുന്നുണ്ട്. |

സെക്ഷൻ ഓഫീസർ